(ബി) ചെറുകിട ജലസേചന വകുപ്പിലെ പല ഉദ്യോഗസ്ഥന്മാരും പാടശേഖരങ്ങളിലെ കൃഷിഭാരവാഹികളുടെ അഭ്യർത്ഥന പ്രകാരം കാർഷിക ജലസേചന കാര്യങ്ങളിൽ തീരെ ശ്രദ്ധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറുകിട ജലസേചന രംഗത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പണികൾ ജലസേചന വകുപ്പിന്റെ കീഴിലുള്ള അതാതു പ്രദേശങ്ങളിൽ എഞ്ചിനീയർമാരും മറ്റു ടെക്നിക്കൽ സ്റ്റാഫും മേൽനോട്ടം വഹിച്ചുവരുന്നു. തുടർന്നു സ്വീകരിക്കേണ്ട സംവിധാനം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജ്

107 (2019) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വെള്ളാട്ട്കൊല്ലി ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഓരോന്നിന്റെയും നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വെള്ളാട്ടുകൊല്ലി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തികൾ ടെണ്ടർ ചെയ്യുന്നതാണ്.

കടൽഭിത്തി നിർമ്മാണം

108 (2020) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടൽഭിത്തി നിർമ്മാണത്തിന് ഓരോ വർഷവും എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly